## അധികപങ്ക്

**I. നല്ലദേശത്തിൽ അധ്വാനിക്കുന്നതിൽ നിന്നും ദൈവത്തെ ആരാധിക്കുവാൻ ഒരു *അധികപങ്ക്* നമുക്കുണ്ടായിരിക്കണം**

- നല്ലദേശത്തിലെ വിളവുകളുടെ അധികപങ്ക് ക്രിസ്തുവിനെ മുൻകുറിക്കുന്നു.
- സംഘാതമായ ഒരു രീതിയിൽ ദൈവത്തെ ആരാധിക്കുവാൻ നാം വരുമ്പോൾ, നാം അനുഭവമാക്കിയ ക്രിസ്തുവിനെ നാം കൊണ്ടുവരണം

## ക്രിസ്തുവിനെ പ്രദർശിപ്പിക്കുക

**II. നാം സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ വിശ്വസ്തതയോടെ അധ്വാനിക്കുന്നുവെങ്കിൽ, സഭായോഗങ്ങളിൽ ക്രിസ്തുവിനെ പ്രദർശിപ്പിക്കുവാനുള്ള വിളവെന്ന നിലയിൽ ക്രിസ്തുവിന്റെ സമ്പത്ത് നമുക്കുണ്ടായിരിക്കും**

- ശരിയായ ക്രിസ്തീയ ജീവിതം—യോഗങ്ങളിൽ ക്രിസ്തുവിന്റെ സമ്പന്നമായ പ്രദർശനത്തിനുവേണ്ടി ക്രിസ്തുവിന്റെ അധികപങ്ക് ഉണ്ടാകുവാനായി എല്ലാ ദിവസവും ക്രിസ്തുവിന്മേൽ അധ്വാനിക്കുക
- ക്രിസ്തുവിനെ പ്രദർശിപ്പിക്കുക—ദൈവം നമുക്കു നൽകിയ ക്രിസ്തുവിനെ മാത്രമല്ല, നാം ഉല്പാദിപ്പിച്ച ക്രിസ്തുവിനെ, നാം അധ്വാനിക്കുകയും അനുഭവമാക്കുകയും ചെയ്ത ക്രിസ്തുവിനെ പ്രദർശിപ്പിക്കുവാനും നാം കൂടിവരുന്നു
- ശരിയായ ക്രിസ്തീയ യോഗങ്ങൾ ഉണ്ടായിരിക്കുന്നതിന് നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ നാം ദിവസവും കർത്താവിനെ ബന്ധപ്പെടുകയും, തുടർന്ന് നാം ക്രിസ്തുവിനെ പ്രദർശിപ്പിക്കുവാനും മറ്റുള്ളവരുമായി ക്രിസ്തുവിനെ പങ്കിടുവാനും വരുന്നുവെന്ന തിരിച്ചറിവോടും ബോധ്യത്തോടുംകൂടെ യോഗങ്ങളിലേക്കു വരുകയും വേണം

## ക്രിസ്തുവിന്മേൽ അധ്വാനിക്കുക

**III. ക്രിസ്തുവിന്റെ അധികപങ്ക് ഉണ്ടായിരിക്കുന്നതിനായി നാം സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കണം**

- “നാല്പത് വർഷത്തിലേറെയായി [1982-ൽ സംസാരിച്ചത്] ഞാൻ യഥാർഥ ദൈവാരാധനയെ സംബന്ധിച്ച് യുദ്ധം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ യുദ്ധം ഇതുവരെ ജയിച്ചിട്ടില്ല”
- പിതാവിനെ ആരാധിക്കുവാനായി, നമ്മുടെ കൈകൾ ക്രിസ്തുവിനെക്കൊണ്ട് നിറഞ്ഞിരിക്കുവാൻ, ക്രിസ്തുവിന്റെ ഒരു കൊയ്ത്തുമായി അവന്റെ അടുക്കൽ വരുവാൻ നാം ദിവസവും ക്രിസ്തുവിന്മേൽ ശുഷ്കാന്തിയോടെ അധ്വാനിക്കുന്നത് നിർണായകമാണ്
- മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും വിളവിന്റെ ഏറ്റവും നല്ല ഭാഗം പിതാവായ ദൈവത്തിന് അവന്റെ സന്തോഷത്തിനും ആനന്ദത്തിനും സംതൃപ്തിക്കും വേണ്ടി അർപ്പിക്കുവാനും ഒരു അധികപങ്ക് ഉണ്ടായിരിക്കത്തക്കവണ്ണം നാം ക്രിസ്തുവിനെ മതിയാംവണ്ണം ഉൽപാദിപ്പിക്കണം

## സത്യസന്ധതയിൽ ആരാധിക്കുക

**IV. പിതാവായ ദൈവത്തെ നാം ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം**

- സത്യസന്ധത എന്നത് ആവിഷ്കരിക്കപ്പെട്ട ദിവ്യയാഥാർഥ്യം—പുത്രനായ യേശു ക്രിസ്തുവിൽ മനുഷ്യനിലേക്ക് പകരപ്പെട്ട ത്രിയേക ദൈവം—നമ്മുടെ നിർവ്യാജത്വവും ആത്മാർഥതയും ആയിത്തീരുന്നതാണ്
- ദിവ്യയാഥാർഥ്യത്തിന്റെ ആസ്വാദനത്തിൽനിന്ന് മാനുഷിക സത്യസന്ധതയും ആത്മാർഥതയും നിർവ്യാജത്വവും വരുന്നു. ഇതാണ് യോഹന്നാൻ 4:23-24-ലെ ദൈവത്തെ ആരാധിക്കുന്നതിനു വേണ്ടിയുള്ള സത്യസന്ധത
- ജീവൻ-നൽകുന്ന ആത്മാവായ ജീവജലത്തിന്റെ ഉറവയായ ക്രിസ്തു ആണ് ദിവ്യയാഥാർഥ്യം
- സത്യസന്ധതയിൽ പിതാവിനെ ആരാധിക്കുക എന്നത് ദിവ്യ യാഥാർഥ്യമെന്ന നിലയിൽ നാം ത്രിയേക ദൈവത്തെ അനുഭവിച്ചതിലൂടെയും ആസ്വാദിച്ചതിലൂടെയും നമ്മുടെ വ്യക്തിപരമായ യാഥാർഥ്യമായിത്തീരുവാൻ നമ്മുടെ ആളത്തത്തെ സാന്ദ്രീകരിച്ച ക്രിസ്തുവിനെക്കൊണ്ട് അവനെ ആരാധിക്കുന്നതാണ്

## ഉപസംഹാരം

- **അദ്ധ്വാനിക്കുക** — നമുക്ക് ലഭിച്ച ക്രിസ്തുവിന്റെ പങ്കിന്മേൽ അദ്ധ്വാനിക്കണം
- **അധികപങ്ക്** — പിതാവായ ദൈവത്തിന് ആരാധനയായി അർപ്പിക്കുവാൻ ഏറ്റവും ഉത്തമമായത് കൊണ്ടുവരണം
- **പ്രദർശിപ്പിക്കുക** — നാം അനുഭവമാക്കിയ ക്രിസ്തുവിനെ യോഗങ്ങളിൽ സംഘാതമായി കൂടിവന്നു നാം പ്രദർശിപ്പിക്കണം
- **ആരാധിക്കുക** — ആരാധനയെ സംബന്ധിച്ച ഒരു യുദ്ധം നടക്കുന്നു. നാം ദൈവത്തെ ആരാധിക്കണം
- **സത്യസന്ധത** — ദിവ്യയാഥാർഥ്യം നമ്മുടെ നിർവ്യാജത്വവും ആത്മാർഥതയും ആയിത്തീരണം